# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 437 — 29.06.2016-ൽ മറുപടിക്ക്

**'ആലില' പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. അടൂർ പ്രകാശ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, വി.ഡി.സതീശൻ**<br>**,, റോജി എം. ജോൺ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>**(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സഹകരണ മേഖലയിൽ മുൻ ഗവൺമെന്റ് 'ആലില പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകികൊണ്ട് സഹകരണ വകുപ്പ് നടപ്പിലാക്കിയ 'ആലില' പദ്ധതി 2014 ഒക്ടോബർ 2-ാം തീയതി ആരംഭിക്കുകയും പദ്ധതിയുടെ പൂർത്തീകരണത്തിനായി 2016 മാർച്ച് 31 വരെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തു. സഹകരണ സംഘങ്ങൾ മുഖേന യാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ നടത്തിപ്പിനായി എല്ലാ സഹകരണ സംഘങ്ങളും തങ്ങളുടെ അധീനതയിലും ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുകയുണ്ടായി. വനം, കൃഷി വകുപ്പുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും |

വൃക്ഷത്തൈകൾ സൗജന്യമായി ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും, വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാപത്രങ്ങളും അവാർഡും നൽകുകയുണ്ടായി.

| | |
|---|---|
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി മൂലം കൈവരിക്കാനുദ്ദേശിച്ചത് ; | (ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേയ്ക്കായി 5 ലക്ഷം വൃക്ഷതൈകൾ നട്ടു വളർത്തുക എന്നതാണ് 'ആലില' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷതൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു. |

| | |
|---|---|
| (സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; | (സി) ഏകദേശം 5 ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുകയുണ്ടായി. പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും വൃക്ഷങ്ങൾ നട്ടുവളർത്തേണ്ടതിന്റെയും, സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കികൊടുക്കാനും ടി പദ്ധതി വഴി സാധിച്ചു. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കിയുള്ള പ്രചാരണങ്ങളും, പ്രവർത്തനങ്ങളും ഊർജ്ജിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ? | (ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും, ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷതൈകൾ നട്ടിരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വൃക്ഷതൈകൾ താലൂക്ക തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ കൂടി നേതൃത്വത്തിൽ ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷതൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാക്ലാസുകൾ, സെമിനാറുകൾ എന്നിവ താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിന് വകുപ്പ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി |

സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് സംഘങ്ങൾ പ്രശംസാപത്രങ്ങളും അവാർഡും നൽകി.

**സെക്ഷൻ ഓഫീസർ**